Break the chain
കൈവിടാതിരിക്കാം... കൈ കഴുകു...

തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം – 676 502
ഫോൺ : 0494 2631230

നം. 2516/എ1/2019/അഡ്മിൻ. 03.12.2020

## പുനർ ക്വട്ടേഷൻ നോട്ടീസ്

### തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാല – മുറിച്ചുകൂട്ടിയിട്ട മരങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിന് ക്വട്ടേഷനുകൾ ക്ഷണിക്കുന്നു

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാലാ അക്ഷരം കാമ്പസിൽ വീണതും ഉണങ്ങിയതുമായ അക്വേഷ്യ, കാറ്റാടി എന്നീ മരങ്ങൾ സർവകലാശാലാ കാമ്പസിലെ വിവിധ ഇടങ്ങളിലായി കൂട്ടിയിട്ടത് ലേലം ചെയ്ത് വിൽക്കുന്നതിന് സോഷ്യൽ ഫോറസ്ട്രി വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സർവകലാശാലയിൽ കൂട്ടിയിട്ട മരങ്ങൾ ലേലം ചെയ്ത് വാങ്ങുന്നതിന് വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചിരുന്നു. എന്നാൽ ക്വട്ടേഷനിൽ വനംവകുപ്പ് നിർദ്ദേശിച്ച തുക ലഭിക്കാത്തതിനാൽ വീണ്ടും ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

മരങ്ങൾക്ക് പരമാവധി വില കാണിച്ചുകൊണ്ടുള്ള ക്വട്ടേഷനുകൾ 15.12.2020 ന് ഉച്ചയ്ക്ക് 2 മണിക്ക് മുമ്പായി സർവകലാശാല ഓഫീസിൽ ലഭിച്ചിരിക്കണം. **"മരങ്ങൾ ലേലം ചെയ്ത് വാങ്ങുന്നതിനുള്ള ക്വട്ടേഷൻ"** എന്ന് കവറിന്റെ പുറത്ത് രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷനുകൾ അന്ന് 3 മണിക്ക് തന്നെ തുറക്കുന്നതും ഏറ്റവും കൂടുതൽ സംഖ്യ ക്വാട്ട് ചെയ്ത വ്യക്തികൾക്ക്/സ്ഥാപനത്തിന് കരാർ ഉറപ്പിച്ച് നൽകുന്നതുമാണ്.

ലേലത്തിൽ പങ്കെടുക്കുന്നതിന് നിരതദ്രവ്യമായി മൊത്തം ബിൽ തുകയുടെ 2.5% വരുന്ന തുക മലയാളസർവ കലാശാലയുടെ പേരിലെടുത്ത, തിരൂർ സ്റ്റേറ്റ് ബാങ്കിൽ മാറാവുന്ന, ഡിമാന്റ് ഡ്രാഫ്റ്റും ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ആദ്യ ക്വട്ടേഷനിൽ പങ്കെടുത്ത് തുക അടച്ചവർ അടച്ച തുകയുടെ രശീതും ബാക്കി തുകയും അടച്ചു ക്വട്ടേഷനിൽ പങ്കെടുക്കാവുന്നതാണ്.

ഓഫീസ് സമയത്ത് സർവകലാശാല എസ്റ്റേറ്റ് ഓഫീസറുടെ **9526359357** എന്ന നമ്പറിൽ ബന്ധപ്പെട്ട് അനുമതി നേടിയ ശേഷം കൂട്ടിയിട്ട മരങ്ങൾ പരിശോധിക്കാവുന്നതാണ്.

ക്വട്ടേഷനുകൾ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം സർവകലാശാല വൈസ് ചാൻസലറിൽ നിക്ഷിപ്തമായിരിക്കും.

ലേലം ഉറപ്പിക്കുകയാണെങ്കിൽ 5% ജി.എസ്.ടി., 5% എഫ്.ഡി.ടി., 2.5% ആദായനികുതി എന്നിവ അടക്കമുള്ള ലേലതുക മുഴുവനായി അടച്ച് 21.12.2020 നകം സർവകലാശാലയിൽ നിന്നും കൂട്ടിയിട്ട മരങ്ങൾ നീക്കം ചെയ്യേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഓഫീസിൽ നേരിട്ടോ, 0494-2631230 എന്ന നമ്പറിലോ, www.malayalamuniversity.edu.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെട്ടാൽ ലഭിക്കുന്നതാണ്.

**ഡോ. ഷൈജൻ ഡി.**
**രജിസ്ട്രാർ**

വി.സി. കാര്യാലയം/മലയാളസർവകലാശാല വെബ്സൈറ്റ്/
അക്കൗണ്ട്സ്/പി.ആർ.ഒ./എസ്റ്റേറ്റ് ഓഫീസർ/
തിരൂർ മുനിസിപ്പാലിറ്റി ഓഫീസ്/വെട്ടം ഗ്രാമപഞ്ചായത്ത് ഓഫീസ്/
നിറമരുതൂർ പഞ്ചായത്ത് ഓഫീസ്/ഓഫീസ് രേഖ/കരുതൽ രേഖ

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
തിരൂർ
മലപ്പുറം